# ജുമുഅ ഖുതുബ

16/2/1445هـ | 1/9/2023م





ശൈഖ് ഡോ
അബ്ദുൽ മുഹ്സിൻ അൽ ഖാസിം
മസ്ജിദുന്നബവിയിലെ ഇമാമും ഖതീബും

വിഷയം

# നല്ല സ്വപ്നം

a-alqasim.com

# നല്ല സ്വപ്നം [1]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത്അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി ﷺ അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

**അമ്മാ ബഅ്ദ്[2] :**

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. രഹസ്യ ജീവിതത്തിലും സ്വകാര്യ വർത്തമാനങ്ങളിലും അവന്റെ നിരീക്ഷണത്തെക്കുറിച്ചുള്ള ബോധത്തോടെ ജീവിക്കുക.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

അല്ലാഹു നമുക്ക് ഉറക്കിലും ഉണർച്ചയിലുമായി പ്രത്യക്ഷവും പരോക്ഷവുമായ അനേകം അനുഗ്രങ്ങൾ നൽകിയിരിക്കുന്നു. അവനാകുന്നു പകലും രാത്രിയും കാര്യങ്ങൾ നിയന്ത്രിക്കുന്നത്.

അല്ലാഹു അവന്റെ യുക്തിയാൽ സൃഷ്ടികളിൽ നിന്ന് (ഗൈബ്) അദൃശ്യമായ അറിവ് മറച്ചുവച്ചിരിക്കുന്നു, അദൃശ്യമായ കാര്യങ്ങൾ അവൻ മാത്രമേ അറിയുകയുള്ളൂ. അവന്റെ പ്രവാചകന്മാർക്ക് അവൻ അറിയിച്ച് കൊടുത്ത വിഷയങ്ങൾ മാത്രം അറിയാൻ സാധിക്കുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿عَٰلِمُ ٱلۡغَيۡبِ فَلَا يُظۡهِرُ عَلَىٰ غَيۡبِهِۦٓ أَحَدًا ۝

إِلَّا مَنِ ٱرۡتَضَىٰ مِن رَّسُولٖ فَإِنَّهُۥ يَسۡلُكُ مِنۢ بَيۡنِ يَدَيۡهِ وَمِنۡ خَلۡفِهِۦ رَصَدٗا﴾

---

[1] 16-02-1445 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

[2] അല്ലാഹുവിനെ സ്തുതിക്കുകയും നബി ﷺ ക്ക് വേണ്ടി സ്വലാത്തും സലാമും ചോദിക്കുകയും ചെയ്ത ശേഷം പ്രതിപാദ്യ വിഷയത്തിലേക്ക് പ്രവേശിക്കുന്നതിന് അറബികൾ സംസാരങ്ങളിലും എഴുത്തുകളിലും ഉപയോഗിക്കുന്ന പദമാണ് 'അമ്മാ ബഅ്ദ്' എന്നത്. "കാര്യം എന്ത് തന്നെയാണെങ്കിലും, ശേഷം" എന്നാണ് അർത്ഥം.

"അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം ആർക്കും വെളിപ്പെടുത്തിക്കൊടുക്കുകയില്ല. അവൻ തൃപ്തിപ്പെട്ട വല്ല ദൂതന്നുമല്ലാതെ. എന്നാൽ അദ്ദേഹത്തിന്റെ (ദൂതന്റെ) മുന്നിലും പിന്നിലും അവൻ കാവൽക്കാരെ ഏർപെടുത്തുക തന്നെ ചെയ്യുന്നതാണ്". (അൽ ജിന്ന്: 26 , 27)

അല്ലാഹുവിന്റെ അൽഭുതകരമായ അനുഗ്രഹങ്ങളിൽ പെട്ടതാണ് നുബുവ്വത്തിന്റെ (പ്രവാചകത്വത്തിന്റെ) ഒരു അംശം അല്ലാഹു ഭൂമിയിൽ നിലനിർത്തി എന്നത്. അതിലൂടെ അല്ലാഹു ഉദ്ദേശിക്കുന്ന അവന്റെ അടിമകൾക്ക് അദൃശ്യമായ ചില കാര്യങ്ങൾ അവരുടെ സ്വപ്നത്തിലൂടെ കാണിച്ചു കൊടുക്കുന്നു. നബി -ﷺ- പറഞ്ഞു : "പ്രവാചകത്വത്തിൽ നിന്ന് ഒന്നും അവശേഷിച്ചിട്ടില്ല ; സന്തോഷവാർത്തകളല്ലാതെ. സ്വഹാബികൾ ചോദിച്ചു : എന്താണ് സന്തോഷവാർത്തകൾ? അവിടുന്ന് -ﷺ- പറഞ്ഞു : നല്ല സ്വപ്നങ്ങൾ". (ബുഖാരി)

അതിൽ അല്ലാഹുവിന്റെ അറിവും കാരുണ്യവും അടങ്ങിയിരിക്കുന്നു, അങ്ങനെ അത് ഒരു വിശ്വാസിക്ക് അവന്റെ വിശ്വാസം വർദ്ധിക്കുവാൻ കാരണമായി മാറുന്നു. ആ സ്വപ്നങ്ങളിലൂടെ ഭൂതകാലവും വർത്തമാന കാലവും ഭാവിയുമൊക്കെ അല്ലാഹു ചിലപ്പോൾ അറിയിച്ചു കൊടുക്കുന്നു.

ആ സ്വപ്നങ്ങളിൽ നന്മ ചെയ്യാനുള്ള പ്രോത്സാഹനവും തിന്മയിൽ നിന്ന് അകന്നു നിൽക്കാനുള്ള പ്രേരണയുമുണ്ട്. അത് ചിലപ്പോൾ ഒരു നല്ല വാർത്തയുടെ മുന്നറിയിപ്പുമായേക്കാം.

ശരീഅത്തിൽ സ്വപ്നത്തിന് മഹത്തായ സ്ഥാനമുണ്ട് . പ്രവാചകന്മാരുടെ ചരിത്രങ്ങളിൽ ഏറ്റവും കഠിനമായ പരീക്ഷണങ്ങളിലും സാഹചര്യങ്ങളിലും സ്വപ്നത്തെ കുറിച്ചുള്ള പരാമർശങ്ങൾ നമുക്ക് കാണാവുന്നതാണ്. അവർക്ക് മാത്രമുള്ള പ്രത്യേകതയാണ് അവർ കാണുന്ന സ്വപ്നങ്ങൾ അല്ലാഹുവിൽ നിന്നുള്ള വഹ്യിന്റെ ഭാഗമാണ് എന്നത്. മഹാനായ ഇബ്റാഹീം നബി ഇസ്മാഈൽ നബി -عليهما الصلاة والسلام- നോട് പറഞ്ഞു :

﴿يَٰبُنَيَّ إِنِّيٓ أَرَىٰ فِي ٱلۡمَنَامِ أَنِّيٓ أَذۡبَحُكَ﴾

"എന്റെ കുഞ്ഞുമകനേ ! നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു". (അസ്സ്വാഫാത്ത്: 102)

ഇബ്റാഹീം നബി -عليه السلام- സ്വപ്നത്തിലൂടെ ദർശിച്ച അല്ലാഹുവിന്റെ കൽപന നിറവേറ്റാൻ തയ്യാറായതിനാൽ അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തി. എല്ലാ കാലത്തും വാഴ്ത്തപ്പെടുന്ന രൂപത്തിൽ അല്ലാഹു അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തി. അല്ലാഹു പറഞ്ഞു :

﴿وَتَرَكْنَا عَلَيْهِ فِي ٱلْـَٔاخِرِينَ ۞ سَلَٰمٌ عَلَىٰٓ إِبْرَٰهِيمَ ۞ كَذَٰلِكَ نَجْزِي ٱلْمُحْسِنِينَ﴾

**"പിൽക്കാലക്കാരിൽ അദ്ദേഹത്തിന്റെ (ഇബ്രാഹീമിൻറെ) സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു , ഇബ്രാഹീമിന് സമാധാനം ! അപ്രകാരമാണ് നാം സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്". (അസ്സാഫാത്ത് : 108-110)**

**യൂസുഫ് നബി -عليه السلام- ന്റെ ജീവിത ചരിത്രം ആരംഭിക്കുന്നത് തന്നെ സ്വപ്നത്തിലൂടെയാണ്.**

﴿يَٰٓأَبَتِ إِنِّي رَأَيْتُ أَحَدَ عَشَرَ كَوْكَبًا وَٱلشَّمْسَ وَٱلْقَمَرَ رَأَيْتُهُمْ لِي سَٰجِدِينَ﴾

**"എന്റെ പിതാവേ , പതിനൊന്നു നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും എനിക്ക് സാഷ്ടാംഗം ചെയ്യുന്നതായി ഞാൻ സ്വപ്നം കണ്ടിരിക്കുന്നു".**

**പിന്നീട് അദ്ദേഹം കണ്ട സ്വപ്നം അദ്ദേഹത്തിന് വലിയ സ്ഥാനവും പദവിയും നൽകിക്കൊണ്ട് അല്ലാഹു യാഥാർഥ്യമാക്കി.**

﴿وَرَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ وَخَرُّوا۟ لَهُۥ سُجَّدًا﴾

**"അദ്ദേഹം തന്റെ മാതാപിതാക്കളെ രാജപീഠത്തിൻമേൽ കയറ്റിയിരുത്തിഅവർ അദ്ദേഹത്തിന്റെ മുന്നിൽ സുജൂദിലായി വീണു". (യൂസുഫ് : 100)**

**മഹത്തായ ഇസ്ലാമിന്റെ പ്രകാശത്തിന്റെ പ്രാരംഭം സ്വപ്നങ്ങളായിരുന്നു. ആഇശ - رضي الله عنها- പറഞ്ഞു : "അല്ലാഹുവിന്റെ റസൂൽ -ﷺ- ക്ക് വഹ്യിന്റെ തുടക്കം കുറിക്കപ്പെട്ടത് ഉറക്കത്തിലെ നല്ല സ്വപ്നങ്ങളായിരുന്നു. അവിടുന്ന് കാണുന്ന സ്വപ്നങ്ങളെല്ലാം പുലരിപോലെ (വ്യക്തമായി) സംഭവിക്കുമായിരുന്നു". (ബുഖാരി , മുസ്ലിം)**

**ബദർ യുദ്ധത്തിൽ മുസ്ലിമീങ്ങൾ നിശ്ചയമായും വിയജയിക്കുമെന്ന് റസൂൽ -ﷺ- ക്ക് അല്ലാഹു സ്വപ്നത്തിലൂടെ അറിയിച്ചു കൊടുത്തു. റസൂൽ -ﷺ- അത് സ്വഹാബത്തിനെ അറിയിക്കുകയും അതു മുഖേന അവരുടെ ഹൃദയങ്ങൾ ശക്തിപ്പെടുകയും എണ്ണത്തിൽ വളരെ കുറച്ചായിരിന്നിട്ടും സധൈര്യം യുദ്ധത്തിന് മുന്നോട്ട് വരികയും ചെയ്തു.**

﴿إِذْ يُرِيكَهُمُ ٱللَّهُ فِي مَنَامِكَ قَلِيلًا ۖ وَلَوْ أَرَىٰكَهُمْ كَثِيرًا لَّفَشِلْتُمْ وَلَتَنَٰزَعْتُمْ فِي ٱلْأَمْرِ وَلَٰكِنَّ ٱللَّهَ سَلَّمَ﴾

**"അവരെ (ശത്രുക്കളെ) അല്ലാഹു നിനക്ക് നിൻറെ സ്വപ്നത്തിൽ കുറച്ച് പേർ മാത്രമായി കാണിച്ചുതന്നിരുന്ന സന്ദർഭം (ഓർക്കുക.) നിനക്ക് അവരെ അധികമായി**

കാണിച്ചിരുന്നെങ്കിൽ നിങ്ങളുടെ ധൈര്യം ക്ഷയിക്കുകയും, കാര്യത്തിൽ നിങ്ങൾ ഭിന്നിക്കുകയും ചെയ്യുമായിരുന്നു. പക്ഷെ അല്ലാഹു രക്ഷിച്ചു". (അൽ അൻഫാൽ : 43)

നബി -ﷺ- മദീനയിലായിരിക്കെ തന്നെ മക്കാ വിജയം അല്ലാഹു സ്വപ്നത്തിലൂടെ പ്രവാചകനെ അറിയിച്ചു , അതവർക്കുള്ള സന്തോഷവാർത്ത ആയിരുന്നു.

﴿لَّقَدْ صَدَقَ ٱللَّهُ رَسُولَهُ ٱلرُّءْيَا بِٱلْحَقِّ ۖ لَتَدْخُلُنَّ ٱلْمَسْجِدَ ٱلْحَرَامَ إِن شَآءَ ٱللَّهُ ءَامِنِينَ مُحَلِّقِينَ رُءُوسَكُمْ وَمُقَصِّرِينَ لَا تَخَافُونَ ۖ﴾

"അല്ലാഹു അവന്റെ ദൂതന്ന് സ്വപ്നം സത്യപ്രകാരം സാക്ഷാൽക്കരിച്ചിരിക്കുന്നു. അതായത് അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം സമാധാനചിത്തരായി കൊണ്ട് തല മുണ്ഡനം ചെയ്തവരും മുടി വെട്ടിയവരും ആയികൊണ്ട് നിങ്ങൾ ഒന്നും ഭയപ്പെടാതെ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുക തന്നെ ചെയ്യുന്നതാണ് (എന്ന സ്വപ്നം.)" (അൽ ഫത്ഹ് : 27 )

ഒരു വർഷത്തിന് ശേഷം അല്ലാഹുവിന്റെ സഹായത്താൽ മുസ്ലിമീങ്ങൾ മക്ക വിജയിച്ചടക്കി.

നബി -ﷺ- ഏതൊരു സ്വപ്നം കണ്ടാലും അത് സ്വഹാബത്തിന് വിവരിച്ച് കൊടുക്കുമായിരുന്നു. സുബ്ഹി നിസ്കാരം കഴിഞ്ഞാൽ അവിടുന്ന് സ്വഹാബത്തിന് നേരെ തിരിയുകയും "കഴിഞ്ഞ രാത്രിയിൽ ആരെങ്കിലും വല്ല സ്വപ്നവും കണ്ടിരുന്നോ" ? എന്ന് ചോദിക്കുകയും ചെയ്യുമായിരുന്നു. (ബുഖാരി , മുസ്ലിം)

അബ്ദുല്ല ബിൻ സെയ്ദ് -رضي الله عنه- വിന്റെ ഒരു സ്വപ്നത്തെ പ്രവാചകൻ-ﷺ- അംഗീകരിച്ചതാണ് ബാങ്ക് നിയമമാക്കപ്പെടാനുള്ള പശ്ചാത്തലം. അദ്ദേഹം പറഞ്ഞു : "നേരം പുലർന്നപ്പോൾ, ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ അടുക്കൽ വന്ന് ഞാൻ കണ്ട സ്വപ്നം പറഞ്ഞു. അപ്പോൾ അവിടുന്ന് പറഞ്ഞു : "ഇൻ ഷാ അല്ലാഹ് , ഇത് സത്യസന്ധമായ സ്വപ്നമാകുന്നു , താങ്കൾ സ്വപ്നത്തിൽ കണ്ട (ബാങ്കിന്റെ) വചനങ്ങൾ ബിലാലിന് പറഞ്ഞു കൊടുക്കുക , അവൻ ബാങ്ക് വിളിക്കട്ടെ". (അഹ്മദ്)

ഇബ്നു അബ്ദിൽ ബർ - رحمه الله- പറഞ്ഞു : "അഹ്ലുസുന്നയിലെ പണ്ഡിതന്മാർ സ്വഹാബികളും താബഈങ്ങളും അവരുടെ പിൻഗാമികളായ മറ്റു പണ്ഡിതരും ഇതിൽ വിശ്വസിച്ചവരാകുന്നു".

സ്വപ്നം മൂന്ന് തരമാണ് , അതിലൊരു തരം ഒരു സംശയവും ഇല്ലാത്ത രൂപത്തിൽ സത്യമാണ് , അത് സംഭവിക്കുക തന്നെ ചെയ്യും , ബാക്കിയുള്ളവ ഒന്നുകിൽ പിശാചിൽ നിന്നുള്ളതോ അല്ലെങ്കിൽ പേക്കിനാവുകളോ ആകുന്നു. നബി-ﷺ-പറഞ്ഞു : "സ്വപ്നം മൂന്ന് തരമാണ്. മനസ്സിൻറെ വർത്തമാനം, പിശാചിൻറെ ഭയപ്പെടുത്തൽ, അല്ലാഹുവിൽ നിന്നുള്ള സന്തോഷവാർത്ത എന്നിങ്ങനെ".(മുസ്ലിം)

നല്ല സ്വപ്നം ഒരു വിശ്വാസിയെ സന്തോഷിപ്പിക്കുന്നു, എന്നാൽ അവനതിൽ വഞ്ചിതനാകുന്നില്ല , അത് പ്രവാചകത്വത്തിന്റെ ഒരംശമാണ്. നബി-ﷺ-പറഞ്ഞു : "സത്യവിശ്വാസിയുടെ സ്വപ്നം പ്രവാചകത്വത്തിന്റെ നാൽപത്തിയാറിലൊരംശമാണ്". (ബുഖാരി , മുസ്ലിം) അവ പ്രവാചകത്വത്തിന് ശേഷം നിലനിൽക്കുന്ന സന്തോഷവാർത്തകളാകുന്നു.

﴿لَهُمُ ٱلۡبُشۡرَىٰ فِي ٱلۡحَيَوٰةِ ٱلدُّنۡيَا وَفِي ٱلۡأٓخِرَةِۚ﴾

"അവർക്കാണ് ഐഹികജീവിതത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്". (യൂനുസ്: 64)

നബി -ﷺ- ഈ ആയത്തിനെ കുറിച്ച് ചോദിക്കപ്പെട്ടു : അവിടുന്ന് -ﷺ- മറുപടി നൽകി : "അത് ഒരു മുസ്ലിം കാണുന്ന അല്ലെങ്കിൽ അവന് കാണിക്കപ്പെടുന്ന നല്ല സ്വപ്നങ്ങളാകുന്നു". (അഹ്മദ്)

നല്ല സ്വപ്നങ്ങൾ പ്രവാചകത്വത്തിന്റെ ഒരംശമാണ്, പ്രവാചകത്വം അത് വഹ്യാകുന്നു , അത് കൊണ്ട് കാണാത്ത സ്വപ്നം കണ്ടു എന്ന് പറയുന്നവൻ അല്ലാഹു അവനെ കാണിക്കാത്തത് കാണിച്ചു എന്ന് അല്ലാഹുവിന്റെ മേൽ കള്ളം പറയുന്നവനാണ്. നബി - -□ പറഞ്ഞു : "ഏറ്റവും വലിയ വ്യാജാരോപണം , കണ്ടില്ലാത്ത സ്വപ്നം കണ്ടെന്ന് പറയലാണ്". (ബുഖാരി) അങ്ങനെ പറയുന്നവർ പരലോകത്ത് അവർക്ക് സാധിക്കാത്ത കാര്യം ചെയ്യാൻ കൽപിക്കപ്പെടുന്നതാണ്.

നബി-ﷺ-പറഞ്ഞു : "ആരെങ്കിലും താൻ കണ്ടിട്ടില്ലാത്ത സ്വപ്നം കണ്ടതായി വാദിച്ചാൽ (പരലോകത്ത് വെച്ച്) രണ്ടു ബാർലിമണികൾ പരസ്പരം കൂട്ടിക്കെട്ടാൻ അവൻ നിർബന്ധിക്കപ്പെടും , എന്നാൽ ഒരിക്കലുമവനത് സാധിക്കുകയില്ല". (ബുഖാരി)

നല്ല സ്വപ്നങ്ങൾ നല്ലവരായ ആളുകളാണ് പൊതുവേ കാണുക എങ്കിലും അവരല്ലാത്തവർക്കും ചിലപ്പോൾ സംഭവിക്കാം. യൂസുഫ് നബി -عليه السلام- ജയിലിലെ രണ്ട് സുഹൃത്തുക്കളുടെ സ്വപ്നം വ്യാഖ്യാനിക്കുകയും അപ്രകാരം അത് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. അവിശ്വാസിയായ രാജാവ് കണ്ട ഏഴു പശുക്കളുടെ സ്വപ്നവും യൂസുഫ് നബി -عليه السلام- വ്യാഖ്യാനിക്കുകയും അപ്രകാരം സംഭവിക്കുകയും ചെയ്തു. ഇമാം ബുഖാരി -رحمه الله- തന്റെ സ്വഹീഹിൽ പറഞ്ഞു : "തടവുകാരുടെയും അധർമ്മകാരികളുടെയും ബഹുദൈവ വിശ്വാസികളുടെയും സ്വപ്നവുമായി ബന്ധപെട്ട അദ്ധ്യായം". ഇബ്നു ഹസം -رحمه الله- പറഞ്ഞു : "അവിശ്വാസികൾ കാണുന്ന സ്വപ്നവും ചിലപ്പോൾ സംഭവിച്ചേക്കാം , എന്നാൽ അവരുടെ സ്വപ്നങ്ങൾ പ്രവാചകത്വത്തിന്റെ അംശത്തിൽ പെട്ടതല്ല , അതവർക്കുള്ള സന്തോഷവർത്തയുമല്ല , മറിച്ച് – അവർക്കുള്ള മുന്നറിയിപ്പും ഉപദേശവുമാകുന്നു അത്.

രാത്രി കാണുന്ന സ്വപ്നം പോലെ തന്നെയാകുന്നു പകൽ കാണുന്ന സ്വപ്നങ്ങളും .ഒരിക്കൽ നബി-ﷺ- ഉമ്മു ഹറാം ബിൻത് മിൽഹാൻ -رضي الله عنها- യുടെ വീട്ടിൽ ചെല്ലുകയും അവിടെ ഖൈലൂല (പകലിന്റെ മദ്ധ്യത്തിൽ അഥവാ- ളുഹറിനോട് അടുത്ത സമയം നിർവഹിക്കുന്ന ഉറക്കം) ഉറങ്ങുകയും ചെയ്തു. ആ ഉറക്കിൽ നബി-ﷺ- സ്വപ്നം കാണുകയും അത് ഉമ്മു ഹറാമിന് വിവരിച്ചു നൽകുകയും ചെയ്തു.(ബുഖാരി,മുസ്ലിം)

ഒരുവൻ നല്ല സ്വപ്നങ്ങൾ കണ്ടാൽ അല്ലാഹുവിനെ സ്തുതിക്കുക, അതിൽ സന്തോഷിക്കുക, അവനിഷ്ടമുള്ളവരുമായി അത് പങ്കു വെക്കുക , അസൂയയും വിദ്വേഷവുമുള്ളവരോട് നല്ല സ്വപ്നങ്ങൾ ഒരിക്കലും പങ്കു വെക്കാതിരിക്കുക എന്നതൊക്കെ ഇസ്ലാം സ്വപ്നവുമായി ബന്ധപ്പെട്ട് പ്രോൽസാഹിപ്പിച്ച അദ്ധ്യാപങ്ങളാണ് . യഅ്ഖൂബ് നബി -عليه السلام- പറഞ്ഞു :

﴿قَالَ يَٰبُنَيَّ لَا تَقۡصُصۡ رُءۡيَاكَ عَلَىٰٓ إِخۡوَتِكَ فَيَكِيدُواْ لَكَ كَيۡدًاۖ﴾

യഅ്ഖൂബ് നബി -عليه السلام- പറഞ്ഞു : "എന്റെ കുഞ്ഞുമകനേ, നിൻറെ സ്വപ്നം നീ നിന്റെ സഹോദരൻമാർക്ക് വിവരിച്ചുകൊടുക്കരുത്. അവർ നിനക്കെതിരെ വല്ല തന്ത്രവും പ്രയോഗിച്ചേക്കും". (യൂസുഫ് : 5)

ഇനി ഒരുവൻ ദുസ്വപ്നങ്ങളാണ് കാണുന്നതെങ്കിൽ അവൻ അതിന്റെയും പിശാചിന്റെയും വിപത്തിൽ നിന്ന് അല്ലാഹുവിനോട് കാവൽ ചോദിക്കുക , അവന്റെ ഇടതു വശത്ത് മൂന്ന് തവണ പാറ്റി തുപ്പുക , അവൻ കിടന്ന വശത്ത് നിന്ന് മാറി കിടക്കുക , ആരോടും ആ സ്വപ്നത്തെ കുറിച്ച് പറയാതിരിക്കുക , എഴുന്നേറ്റ് നമസ്കരിക്കുക എന്നതും ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളാണ്.

നവവി -رحمه الله- പറഞ്ഞു : "ഈ പറയപ്പെട്ടതിൽ നിന്ന് ചില കാര്യങ്ങൾ ചെയ്താൽ തന്നെ ദുഷിച്ച സ്വപ്നത്തിന്റെ വിപത്തിൽ നിന്ന് രക്ഷ ലഭിക്കുന്നതാണ് എന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്".

സ്വപ്നങ്ങൾ വ്യഖ്യാനിക്കുക എന്നത് പ്രവാചകന്മാരും അല്ലാഹുവിൽ അടിയുറച്ച വിശ്വാസവുമുള്ള ആളുകളും മാത്രം ചെയ്യേണ്ട കാര്യമാണ്. അത്ര വ്യാപകമായ ഒരു വിജ്ഞാനശാഖയല്ല അത്. കേവലം നമ്മുടെ പഠനം കൊണ്ട് മാത്രം ഈ അറിവ് നേടുക സാധ്യമല്ല, മറിച്ച് ഇത് അല്ലാഹു അവൻ ഇഷ്ടപ്പെടുന്ന അവന്റെ അടിമകൾക്ക് നൽകുന്ന ഒരു കഴിവ് കൂടിയാണ്. അത് രണ്ടും കൂടി ഒത്തു വരുന്നവർക്കാണ് സ്വപ്ന വ്യാഖ്യാനം ഏറ്റവും ഭംഗിയായി നിർവഹിക്കാൻ സാധിക്കുക. യൂസുഫ് നബി -عليه السلام- നെ കുറിച്ച് അല്ലാഹു പറഞ്ഞു :

﴿وَلِنُعَلِّمَهُۥ مِن تَأۡوِيلِ ٱلۡأَحَادِيثِۚ﴾

"സ്വപ്നവാർത്തകളുടെ വ്യാഖ്യാനത്തിൽ നിന്ന് അദ്ദേഹത്തിന് നാം അറിയിച്ച് കൊടുക്കാൻ വേണ്ടിയും കൂടിയാണത്". (യൂസുഫ് : 21)

സ്വപ്ന വ്യാഖ്യാനം എന്നത് ഫത്വ (മതവിധി) ആകുന്നു. അതിൽ അറിവില്ലാത്തവർ സംസാരിക്കാൻ പാടില്ല. യൂസുഫ് നബി -عليه السلام- അദ്ദേഹത്തോട് വ്യാഖ്യാനം ചോദിച്ച രണ്ട് യുവാക്കളോട് പറഞ്ഞത് ഇപ്രകാരമാണ്

﴿ قُضِىَ ٱلْأَمْرُ ٱلَّذِى فِيهِ تَسْتَفْتِيَانِ ﴾

"ഏതൊരു കാര്യത്തെപ്പറ്റി നിങ്ങൾ ഇരുവരും വിധി ആരായുന്നുവോ ആ കാര്യം തീരുമാനിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു". (യൂസുഫ് : 41)

സ്വപ്ന വ്യഖ്യാനത്തെ കുറിച്ച് രാജാവ് ചോദിച്ചത് പരിശുദ്ധ ഖുർആൻ പരമാർശിക്കുന്നുണ്ട്

﴿أَفْتُونِى فِى رُءْيَٰىَ﴾

"നിങ്ങൾ സ്വപ്നത്തിന് വ്യാഖ്യാനം നൽകുന്നവരാണെങ്കിൽ എന്റെ ഈ സ്വപ്നത്തിന്റെ കാര്യത്തിൽ നിങ്ങളെനിക്ക് വിധി പറഞ്ഞുതരൂ". (യൂസുഫ് : 43)

ആ യുവാവ് യൂസുഫ് നബി-عليه السلام- നോട് ചോദിച്ചു :

﴿ أَفْتِنَا فِى سَبْعِ بَقَرَٰتٍ ﴾

"ഏഴ് പശുക്കളെ കാര്യത്തിൽ താങ്കൾ ഞങ്ങൾക്കു വിധി പറഞ്ഞുതരണം". (യൂസുഫ് : 46)

(ഈ ആയത്തുകളിലൊക്കെ ഫത്വ നല്കണം എന്നാണ് അവർ യൂസുഫ് നബിയോട് ആവശ്യപ്പെടുന്നത് , യൂസുഫ് നബിയും നിങ്ങൾ ചോദിക്കുന്ന വിഷയങ്ങളിലെ ഫത്വ എന്നാണ് മറുപടി പറഞ്ഞതും)

സാമ്യതയുള്ള സംഭവങ്ങളെ വിധിയിൽ ഒന്നായി പരിഗണിക്കുക, ഒരു കാര്യം മറ്റൊന്നുമായി താരതമ്യം ചെയ്യുക തുടങ്ങിയ ചില അടിസ്ഥാനങ്ങളാണ് സ്വപ്ന വ്യാഖ്യാനത്തിന്റെ മാനദണ്ഡം.

ഇബ്നുൽ ഖയ്യിം -رحمه الله- പറഞ്ഞു : " (ഖുർആനും സുന്നത്തും ശരിയായി മനസ്സിലാക്കാൻ) കഴിവുള്ളവർക്ക് പരിശുദ്ധ ഖുർആനിലെ ഉപമകൾ സ്വപ്ന വ്യാഖ്യാനത്തിന് സഹായകരമാകുന്ന അടിസ്ഥാനങ്ങളും നിയമങ്ങളുമാകുന്നു. അതിനാൽ , ഖുർആൻ നന്നായി മനസ്സിലാക്കിയവന് സ്വപ്ന വ്യാഖ്യാനം ഭംഗിയായി നടത്താൻ സാധിക്കും. സ്വപ്നങ്ങളുടെ ഏറ്റവും കൃത്യമായ വ്യാഖ്യാനം ഖുർആനിലെ പ്രകാശത്തിൽ നിന്നാണ് എടുക്കപ്പെട്ടിട്ടുള്ളത്".

ആർക്കെങ്കിലും താൻ കണ്ട നല്ല സ്വപ്നത്തിന്റെ വ്യാഖ്യാനം അറിയണമെന്നുണ്ടെങ്കിൽ അതിനെ കുറിച്ച് നല്ല അറിവുള്ളവരെ മാത്രം സമീപിക്കുക. കേവലം സ്വപ്ന വ്യാഖ്യാനത്തിന്റെ ഏതെങ്കിലും ഒരു പുസ്തകം വായിച്ചവരൊന്നും ശരിയായ വ്യാഖ്യാതാക്കളാവണമെന്നില്ല. കാരണം, ഒന്നിലധികം പേർ കണ്ട ഒരേ സ്വപ്നം അതിന്റെ വ്യാഖ്യാനം അവരിൽ ഒരോ വ്യക്തികൾക്കും കാലത്തിനും സ്ഥലങ്ങൾക്കുമനുസരിച്ച് വ്യത്യസ്തമായിരിക്കും.

ഇമാം മാലിക് -رحمه الله- ചോദിക്കപ്പെട്ടു : " എല്ലാവരും സ്വപ്നം വ്യാഖ്യാനിക്കാമോ ? അദ്ദേഹം പറഞ്ഞു : "പ്രവാചകത്വം കളിക്കാനുള്ളതാണോ" ?

സ്വപ്നം വ്യഖ്യാനിക്കാനുള്ള കഴിവ് ഒരുവന് അല്ലാഹു നൽകിയിട്ടുണ്ടെങ്കിൽ അവൻ അതിൽ അല്ലാഹുവിനെ ഭയന്നു കൊള്ളട്ടെ , പ്രശസ്തി ആഗ്രഹിക്കുന്നതിൽ നിന്നും ആളുകളെ കാണിക്കുന്നതിൽ നിന്നും അവൻ അകന്നു നിൽകട്ടെ. അവൻ സഹായത്തിനും മാർഗനിർദേശത്തിനും വേണ്ടി അല്ലാഹുവിനോട് സഹായം ചോദിക്കട്ടെ , അവനെ വലിയവനായി അവൻ തന്നെ കാണുന്ന അവസ്ഥ വരുന്നതിനെ അവൻ സൂക്ഷിക്കുകയും ചെയ്യട്ടെ. കാരണം – ഈ ദുഷിച്ച സ്വഭാവം ഒരുവനിൽ ഉണ്ടായാൽ അവനിൽ നിന്ന് ആ അനുഗ്രഹം ഇല്ലാതായേക്കാം. അത് കൊണ്ട് തന്നെ ഈ അനുഗ്രഹം ലഭിച്ചവർ അല്ലാഹുവെ സ്തുതിക്കുക. മഹാനായ യൂസുഫ് നബി -عليه السلام- അല്ലാഹു നല്കിയ ഈ അനുഗ്രഹം അവന് മുന്നിൽ എടുത്തു പറഞ്ഞ് നന്ദി കാണിച്ചു :

﴿رَبِّ قَدْ ءَاتَيْتَنِى مِنَ ٱلْمُلْكِ وَعَلَّمْتَنِى مِن تَأْوِيلِ ٱلْأَحَادِيثِ﴾

"(യൂസുഫ് പ്രാർത്ഥിച്ചു:) എന്റെ രക്ഷിതാവേ, നീ എനിക്ക് ഭരണാധികാരത്തിൽ നിന്ന് (ഒരംശം) നൽകുകയും, സ്വപ്നവാർത്തകളുടെ വ്യാഖ്യാനത്തിൽ നിന്നും (ചിലത്) നീ എനിക്ക് പഠിപ്പിച്ചുതരികയും ചെയ്തിരിക്കുന്നു." (യൂസുഫ് : 101)

സ്വപ്നം വ്യഖ്യാനിക്കുന്നവർ , മത വിധി നല്കുന്നവർ , ഡോക്ടർമാർ ഇവരൊക്കെ ജനങ്ങളുടെ കുറവുകളും രഹസ്യങ്ങളും മറ്റുള്ളവരെക്കാൾ അറിയുന്നവരാണ് , അവർ അതൊരിക്കലും പരസ്യപ്പെടുത്താൻ പാടില്ല.

നല്ല സ്വപ്നം അത് സംഭവിക്കുക തന്നെ ചെയ്യും , അത് വ്യാഖ്യാനിക്കപ്പെട്ടാലും ഇല്ലെങ്കിലും. യഅഖൂബ് നബി യൂസുഫ് നബിയോട് -عليهما السلام- പറഞ്ഞു :

﴿لَا تَقْصُصْ رُءْيَاكَ﴾

"നീ നിന്റെ സ്വപ്നം വിവരിച്ചു കൊടുക്കരുത്" (യൂസുഫ് : 5)

യൂസുഫ് നബിയുടെ സ്വപ്നം വ്യാഖ്യാനിക്കപ്പെട്ടില്ല , എന്നിട്ടും അത് സംഭവിച്ചു , അത് പോലെ തന്നെ , ഒരു വ്യാഖ്യാതാവ് സ്വപ്നത്തിന്റെ യാഥാർഥ്യം വിശദീകരിക്കുക ആണ്

ചെയ്യുക , അത് ശരിയാകാനും തെറ്റായ വ്യഖ്യാനമാകാനും സാധ്യയതുണ്ട് . അബൂബകർ -رضي الله عنه- സ്വപ്നം വ്യാഖ്യാനിച്ചതിനെ കുറിച്ച് നബി -ﷺ- അദ്ദേഹത്തോട് പറഞ്ഞു : "അവയിൽ ചിലത് താങ്കൾ പറഞ്ഞത് ശരിയും ചിലത് പിഴവുമാകുന്നു". (ബുഖാരി , മുസ്ലിം)

എന്നാൽ എപ്പോഴാണ് ഈ സ്വപ്നങ്ങളൊക്കെ യാഥാർത്ഥ്യമാവുക? ചിലപ്പോൾ പെട്ടെന്ന് തന്നെ സംഭവിക്കും, ചിലപ്പോൾ കുറച്ച് കാലം കഴിഞ്ഞായിരിക്കും അത് സംഭവിക്കുക. അബ്ദുല്ലാഹ് ബിൻ ശദ്ദാദ് -رحمه الله- പറയുന്നു : "യൂസുഫ് നബി കണ്ട സ്വപ്നം യാഥാർത്ഥ്യമായത് നാൽപത് വർഷം കഴിഞ്ഞാണ്. അതാണ് ഏറ്റവും സുദീർഘമായ ഒരു സമയം".

ഒരു വിശ്വാസിക്ക് അല്ലാഹു വിധിക്കുന്നത് പെട്ടെന്ന് സംഭവിക്കുന്നതായാലും പിന്നെ നടക്കാനുള്ളത് ആണെങ്കിലും നന്മ മാത്രമാകുന്നു എന്ന് നാം അറിയുക.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

നുബുവ്വത്തിന്റെ ദിനങ്ങൾ കഴിഞ്ഞപ്പോൾ അല്ലാഹു അതിന് പകരമായി നൽകിയതാണ് നല്ല സ്വപ്നങ്ങൾ. നബി-ﷺ-പറഞ്ഞു : "അന്ത്യദിനം അടുത്തുകഴിഞ്ഞാൽ സത്യവിശ്വാസിയുടെ സ്വപ്നം കള്ളമാവുകയില്ല" (ബുഖാരി, മുസ്ലിം)

ജീവിതത്തിൽ സത്യസന്ധത പുലർത്തുന്നവരാണ് ഏറ്റവും സത്യസന്ധമായ സ്വപ്നങ്ങൾ കാണുക. നബി-ﷺ-പറഞ്ഞു : "നിങ്ങളിൽ ഏറ്റവും സത്യസന്ധമായ സ്വപ്നങ്ങൾ കാണുന്നവർ സംസാരത്തിൽ സത്യസന്ധത പുലർത്തുന്നവരായിരിക്കും". (മുസ്ലിം)

ഇബ്നു ഹജർ-رحمه الله- പറഞ്ഞു : "സത്യസന്ധതക്ക് പ്രാധാന്യം നൽകുന്നവരുടെ ഉറക്കിലും അവരുടെ കൂടെ സത്യം നിലനിൽക്കുന്നതാണ്. അവർ സത്യമായ സ്വപ്നങ്ങൾ അല്ലാതെ കാണുകയില്ല. എന്നാൽ പൊതുവെ കളവ് പറഞ്ഞ് ശീലിച്ചവരാകട്ടെ അവർ ദുസ്വപ്നനങ്ങളും പേക്കിനാവുകളുമാണ് ഉറക്കിലും കാണുക".

അത് കൊണ്ട് മുസ്ലിമേ- നീ സത്യം മുറുകെ പിടിക്കുക , തഖ്വയിലധിഷ്ഠിതമായി നിന്റെ ജീവിതം ക്രമീകരിക്കുക , എന്നാൽ നിനക്ക് ഇഹ-പര ലോക വിജയം നേടാം.

**അഊദു ബില്ലാഹി മിന ശൈത്വാനി റജീം[1]**

﴿وَرَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ وَخَرُّوا۟ لَهُۥ سُجَّدًا ۖ وَقَالَ يَٰٓأَبَتِ هَٰذَا تَأْوِيلُ رُءْيَٰىَ مِن قَبْلُ قَدْ جَعَلَهَا رَبِّى حَقًّا ۖ﴾

"അദ്ദേഹം തന്റെ മാതാപിതാക്കളെ രാജപീഠത്തിൻമേൽ കയറ്റിയിരുത്തി. അവർ അദ്ദേഹത്തിന്റെ മുമ്പിൽ പ്രണാമം ചെയ്യുന്നവരായിക്കൊണ്ട് വീണു. അദ്ദേഹം പറഞ്ഞു:

[1]) ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവിനോട് ഞാൻ അഭയം തേടുന്നു എന്നർത്ഥം

**എൻറെ പിതാവേ, മുമ്പ് ഞാൻ കണ്ട സ്വപ്നം പുലർന്നതാണിത്. എന്റെ രക്ഷിതാവ് അതൊരു യാഥാർത്ഥ്യമാക്കിത്തീർത്തിരിക്കുന്നു." (യൂസുഫ്: 100)**

**അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ...**

## രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് ﷺ അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

നബി-ﷺ-യുടെ വേർപാടോടെ ഈ മതം പൂർണത കൈവരിച്ചിരിക്കുന്നു. ഒരു സ്വപ്നം മനദണ്ഡപ്പെടുത്തി ഒരു വിധിയോ നിയമമോ ദീനിൽ സ്ഥാപിക്കാൻ ആർക്കും ഒരു അവകാശവുമില്ല.

ഇമാം ശാതിബി -رحمه الله- പറഞ്ഞു : "സ്വപ്നം – അത് സന്തോഷം നൽകുന്നതാണെങ്കിലും മുന്നറിയിപ്പ് നൽകുന്നതാണെങ്കിലും- അത് ഒരു വ്യക്തിയിലോ മറ്റോ ബാധകമായതാണ്. അതിൽ നിന്ന് ഒരിക്കലും ദീനീ വിധികൾ സ്ഥാപിക്കപ്പെടാൻ പാടില്ല".

നബി-ﷺ-യുടെ രൂപം പിശാച് കൈകൊള്ളുന്നതിൽ നിന്ന് അല്ലാഹു നബിയെ സംരക്ഷിച്ചിട്ടുണ്ട്. അത് കൊണ്ട് ആരെങ്കിലും നബി -ﷺ- യെ സ്വപ്നത്തിൽ ദർശിച്ചാൽ അത് നബി-ﷺ- തന്നെയാകുന്നു. നബി -ﷺ- പറഞ്ഞു : "ആരെങ്കിലും സ്വപ്നത്തിൽ എന്നെ കണ്ടാൽ അവൻ എന്നെ തന്നെയാകുന്നു കണ്ടത്. കാരണം , പിശാചിന് എന്റെ രൂപം കൈകൊള്ളാൻ കഴിയുകയില്ല". (ബുഖാരി ,മുസ്ലിം)

നബി-ﷺ-യെ ഒരുവൻ സ്വപ്നത്തിൽ ദർശിക്കുക എന്നത് അവൻ മറ്റുള്ളവരെക്കാളും ശ്രേഷ്ഠനാണ് എന്നതിന്റെ സൂചനയല്ല.

ഹദീഥിൽ സ്ഥിരപ്പെട്ടിരിക്കുന്ന പ്രവാചകൻ -ﷺ- യുടെ രൂപത്തിൽ നിന്ന് വ്യത്യസ്തമായി ഒരുവൻ കാണുകയോ , സ്വപ്നത്തിൽ വന്ന് പ്രവാചകനാണെന്ന് വാദിച്ച് വല്ല തിൻമയോ കല്പിച്ചാൽ അതൊരിക്കലും പ്രവാചകൻ അല്ല , മറിച്ച് അതൊക്കെ ദുസ്വപ്നങ്ങളാകുന്നു.

എല്ലാ നന്മയും പ്രവാചകൻ -ﷺ- യെ പിൻപറ്റുന്നതിലാകുന്നു.

നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# خطبة الجمعة

١٦/٢/١٤٤٥ هـ | 2023/9/1 م



فضيلة الشيخ

د. عبد المحسن بن محمد القاسم

إمام وخطيب المسجد النبوي الشريف



بعنوان

# الرؤيا في المنام

مترجمة باللغة المليبارية

a-alqasim.com